(ബി) ഇത് തടയുന്നതിനുവേണ്ടി എന്തെങ്കിലും തരത്തിലുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി):

(എ) ഉണ്ട്.

(ബി) നഗരസഭാ പ്രദേശങ്ങളിൽ ഖരമാലിന്യങ്ങൾ ശേഖരിക്കുന്നതിന് ചവറ്റു കുട്ടകൾ നഗരസഭയുടെ വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. അവിടെ നിന്നും നഗരസഭകളുടെ ശുചീകരണ തൊഴിലാളികൾ ട്രഞ്ചിംഗ് ഗ്രൗണ്ടിലേക്ക് ഖരമാലിന്യങ്ങൾ മാറ്റി സംസ്കരിച്ചു വരുന്നു. പല നഗരസഭകളിലും അത്യാധുനിക രീതിയിലുള്ള സംസ്കരണ മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്. പൊതുനിരത്തുകളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്ന ആളുകളെ കണ്ടെത്തി പിഴയടപ്പിക്കുക തുടങ്ങിയ കർശന നടപടികൾ പഞ്ചായത്തുകളും നഗരസഭകളും സ്വീകരിച്ചു വരുന്നുണ്ട്.

(2) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

കൊടുങ്ങല്ലൂർ തുറമുഖ പദ്ധതി

1 [931] ശ്രീ. ഉമേഷ് ചള്ളിയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പരിസ്ഥിതിയും വനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടുങ്ങല്ലൂരിൽ ബി.ഒ.റ്റി. അടിസ്ഥാനത്തിൽ ആരംഭിക്കാനിരുന്ന ക്ലിംഗർ ഡ്രൈസ്റ്റിംഗ് യൂണിറ്റ് തുറമുഖ പദ്ധതി തുടങ്ങിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(ബി) ഈ പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ വെളിപ്പെടുത്തുമോ ;

(സി) വ്യവസായ പ്രോത്സാഹന നയമനുസരിച്ച് ഈ പദ്ധതി ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സൗരാഷ്ട്ര സിമന്റ് കമ്പനി കൊടുങ്ങല്ലൂരിൽ തുടങ്ങുവാൻ ഉദ്ദേശിക്കുന്ന ഫാക്ടറിക്ക് പാരിസ്ഥിതിക അനുമതി ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള പുതുക്കിയ അപേക്ഷ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് കേന്ദ്ര സർക്കാരിലെ പരിസ്ഥിതി-വന മന്ത്രാലയവുമായി ബന്ധപ്പെട്ട് പരിശോധിച്ചുവരുന്നു.

(സി) കമ്പനിയുടെ നിർദ്ദിഷ്ട പ്ലാന്റ് സ്ഥാപിക്കാനുദ്ദേശിക്കുന്ന സ്ഥലം അനുയോജ്യമെന്ന് കണ്ടാൽ നിലവിലുള്ള ചട്ടങ്ങൾ പ്രകാരമുള്ള സ്ഥാപനാനുമതി കമ്പനിക്ക് നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly